(എ) ഐ. ആർ. ഡി. പി. വായ്പാവിതരണത്തിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായി പരാതിയുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു.

(ബി) വായ്പാവിതരണത്തിലെ ക്രമക്കേടുകൾ പരിഹരിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വിതരണം ചെയ്യപ്പെട്ടിട്ടുള്ള ഐ.ആർ.ഡി.പി. വായ്പകൾ അർഹതപ്പെട്ടവർക്കുതന്നെ കിട്ടിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) 1982-83, 1983-84, 1984-85 എന്നീ ഓരോ വർഷവും എത്രപേർക്കുവീതം വായ്പ നൽകി; മൊത്തം ഓരോ വർഷവും എത്ര തുക വീതം?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഉണ്ട്. ഗുരുതരമായ കേസുകൾ വിജിലൻസ് വകുപ്പിന് അന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. മറ്റുള്ളവ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷിപ്പിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി)

വർഷം	വായ്പ ലഭിച്ച വരുടെ എണ്ണം	വായ്പ നൽകിയ തുക ലക്ഷം രൂപ
1982-83	127798	2615.35
1983-84	120547	2627.44
1984-85	104816	2576.22

ആർ. എൻ. ഇ. ജി. പദ്ധതിപ്രകാരമുള്ള ഭവനനിർമ്മ

* 143 [187] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:

,, ശ്രീ. കെ. വി. സുരേന്ദ്രനാഥ്:

,, കെ. ടി. കണാരൻ:

,, കെ. ഇ. ഇസ്മയിൽ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ. എൽ. ഇ. ജി. പി. പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണത്തിന് അലോട്ടു ചെയ്യുന്ന തുക അപര്യാപ്തമാണെന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സാമൂഹ്യവികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ:)

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. ഈ പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി ഇപ്പോഴും പണിതുവരുന്ന ഗ്രൂപ്പുവീടുകൾക്ക് തുക 6600 രൂപയായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഈ തുക ജില്ലാ ഗ്രാമവികസന ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ബീഡിത്തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ്

* 144 [188] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീഡിത്തൊഴിലാളി ക്ഷേമനിധി നിയമപ്രകാരം ബീഡിത്തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡ് നൽകണമെന്ന് നിർദ്ദേശമുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു നടപ്പിലാക്കുന്ന കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചത്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം ബീഡിത്തൊഴിലാളികൾക്ക് ഐഡൻറിറ്റി കാർഡുകൾ നൽകുന്നതിന് മുനിസിപ്പൽ, പഞ്ചായത്ത്, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഗവൺമെൻറ് സർക്കുലർ നമ്പർ 33771/ഡി1/82/തൊതീയതി 17-4-1982 പ്രകാരം തങ്ങളുടെ കീഴുദ്യോഗസ്ഥൻമാർക്ക് ബീഡിതൊഴിലാളികളുടെ പേർ രജിസ്റ്റർ ചെയ്യുന്നതിന് അവർക്ക് ഐഡൻറിറ്റി കാർഡ് നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനായി, മുനിസിപ്പാലിറ്റി ഡയറക്ടർമാർ, പഞ്ചായത്ത് ഡയറക്ടർമാർ, ഡിസ്ട്രിക്ട് കളക്ടർമാർ എന്നിവർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അതിൻമേലുള്ള പുരോഗതിയെപ്പറ്റി ഒരു പീരിയോഡിക്കൽ റിപ്പോർട്ട് ലേബർ കമ്മീഷണർക്ക് അയയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണർ ഗവൺമെൻറിലേക്ക് അയയ്ക്കുന്ന സമാഹൃത റിപ്പോർട്ട് ഗവൺമെൻറ് ഇൻഡ്യാഗവൺമെൻറിനു അയച്ചുകൊടുക്കുന്നുണ്ട്.

കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിനായി ചെലവഴിച്ച സംഖ്യ

* 145 [189] ശ്രീ. പി. കുമാരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ടി. കുമാരൻ:

ഡോ: എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly